## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ

## അഡീഷണൽ ഡയറക്ടർ (എ&റ്റി)-യുടെ നടപടിക്രമം

വിഷയം :- ശ്രീമതി.സുസ്മിത.ടി.ആർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1, സീനിയോരിറ്റി പട്ടികയിൽ താത്ക്കാലികമായി ഉൾപ്പെടുത്തി പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവ്.

പരാമർശം :-

1. ഉത്തരവ് നം.ഇ.എസ്3-6621/2022/ആ.വ.ഡ,തീയതി:27/06/2023
2. 20/10/2023 തീയതിയിൽ OA(EKM) 1707/2023-മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച അന്തിമവിധി.
3. G.O (Rt) No.876 / 2024 / H & FWD , Dated:22/03/2024
4. കത്ത് നം.DMOH-EKM/1275/2024-A5, തീയതി : 11/05/2024
5. ഉത്തരവ് നം.ഇ6/87697/2016/ആ.വ.ഡ,തീയതി. 27/12/2018
6. ഉത്തരവ് നം.ഇ6//87697/2016/ആ.വ.ഡ,തീയതി : 03/03/2018
7. നോട്ടീസ് നം.ഇ.എസ്3-1777/2024/ആ.വ.ഡ.തീയതി : 06/08/2024

## ഉത്തരവ് നം : ഇ.എസ്3-1777/2024/ആ.വ.ഡ,തീയതി : 21-08-2024

കാഞ്ഞൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ജീവനക്കാരിയായ ശ്രീമതി.സുസ്മിത.ടി.ആർ പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ച നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് ചൂണ്ടിക്കാട്ടിയും ടിയാരിയുടെ ജൂനിയറായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയ തീയതിയായ 03/03/2018 പ്രാബല്യത്തിൽ തന്നെയും മേൽപ്പറഞ്ഞ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ചുകൊണ്ടും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA[EKM] 1707/2023 ഫയൽ ചെയ്തിരുന്നു.

പ്രസ്തുത O.A-യിന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 20/10/2023 തീയതിയിൽ പരാമർശം 2 പ്രകാരം പുറപ്പെടുവിച്ച വിധിയിൽ, ബന്ധപ്പെട്ട കക്ഷിയെ ഉൾപ്പെടുത്തി ഹിയറിംഗ് നടത്തിയതിനുശേഷം ഉചിതമായ നടപടി സ്വീകരിക്കാനും നിർദേശിച്ചിരുന്നു.തുടർന്ന് 17/02/2024-ന് ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുന്നതിനാവശ്യമായ അനുബന്ധരേഖകളൊന്നും ടിയാരി സമർപ്പിച്ചിട്ടില്ലായിരുന്നുവെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുന്നപക്ഷം തുടർനടപടികൾ കൈക്കൊള്ളാൻ പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.ആയതിന്റെ അടിസ്ഥാനത്തിൽ ടിയാരി പരാമർശം 4 പ്രകാരം അപേക്ഷയും അനുബന്ധരേഖകളും സമർപ്പിച്ചിരുന്നു.ടി അപേക്ഷ പരിശോധിച്ചതിന്റേയും സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട സെക്ഷനിൽ നിന്നും റിമാർക്സ് ലഭ്യമായതിന്റേയും അടിസ്ഥാനത്തിൽ ശ്രീമതി.സുസ്മിത.ടി.ആർ-ന് പരാമർശം 5 പ്രകാരം നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം നൽകിയിരുന്നുവെന്നും, എന്നാൽ ടിയാരിയുടെ ജൂനിയേഴ്സിന്

സ്ഥാനക്കയറ്റം നൽകിയ പരാമർശം 6 പ്രകാരമുള്ള ഉത്തരവിലെ 03/03/2018 മുതൽ ടിയാരിയും സ്ഥാനക്കയറ്റത്തിന് അർഹയാണെന്നും മനസ്സിലാക്കുന്നു.ആയതിൻപ്രകാരം 03/03/2018 പ്രാബല്യത്തീയതി പരിഗണിച്ച് ടിയാരിയ്ക്ക് പരാമർശം 1-ലെ സീനിയോരിറ്റി പട്ടികയിൽ **1253 A** സ്ഥാനം താത്ക്കാലികമായി അനുവദിച്ച് പരാമർശം 7 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.ആയതിന്റെ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| Name | PEN | Date of Birth | Promotion Order | Date Assigned for seniority | Rank No.in Nursing Officer's seniority list(2003-2010) | Rank No.in Nursing Officer Gr I seniority list |
|---|---|---|---|---|---|---|
| Lalu Sajan | 383150 | 02/09/1982 | EE6-87697/16/DHS,DTD: 03/03/2018 | 03/03/2018 | 2886 | 1253 |
| **Susmitha T.R** | **366945** | **21/05/1980** | **EE6/87697/2016/DHS,DTD. 27/12/2018** | **03/03/2018** | **2895A** | **1253 A** |
| Shahida C.A | 376350 | 21/05/1984 | EE6-87697/16/DHS,DTD: 03/03/2018 | 03/03/2018 | 2896A | 1254 |

പ്രസ്തുത നോട്ടീസിന്മേൽ യതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.ആയതിനാൽ പരാമർശം 7-ലെ നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.പരാമർശം 1-ലെ ഉത്തരവ് ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

Signed by
Jayasree V
Date: 21-08-2024 21:26:23

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)

സ്വീകർത്താവ് : ബന്ധപ്പെട്ട വ്യക്തിയ്ക്ക് (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ് :
1. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (ആമുഖ കത്ത് മുഖാന്തിരം)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
3. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
4. ഫയൽ/കരുതൽ ഫയൽ